# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/11/2025** | **മാർക്ക് - 50**
**10.30am - 12.30pm** | **STD - IV** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. കൂദാശകളിൽ ആദ്യത്തെ മൂന്നെണ്ണം ഏത് പേരിലാണ് അറിയപ്പെടുന്നത്?
2. അബ്രാഹം ദൈവത്തിന്റെ കല്പന അനുസരിച്ച് ഇസഹാക്കിനെ ബലികഴിക്കാൻ ഒരുങ്ങിയ മല?
3. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം അനുസരിച്ച് ജീവിക്കുന്നവരുടെ സമൂഹം ഏത്?
4. മാമ്മോദീസായിലെ മൂന്നാമത്തെ തൈലം പൂശൽ എന്തിനെ സൂചിപ്പിക്കുന്നു?
5. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം പാലിക്കുന്നവർക്ക് എന്താണ് ലഭിക്കുന്നത്?
6. എന്താണ് ഏറ്റവും വലിയ ആരാധന?
7. ഈശോ എങ്ങനെയാണ് മനുഷ്യവർഗ്ഗത്തെ പിതാവായ ദൈവവുമായി രമ്യപ്പെടുത്തിയത്?
8. പുതിയനിയമത്തിലെ പെസഹാ എന്തിന്റെ അടിമത്വത്തിൽ നിന്നുള്ള മോചനമാണ്?
9. ഈ ലോകജീവിതത്തിൽ വിശ്വാസത്തിനെതിരായ വെല്ലുവിളികളെ നേരിടാൻ സജ്ജമാക്കുന്ന കൂദാശ ഏത്?
10. "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു." ബൈബിൾ വാക്യം ഏത്?

| |
|---|
| ദൈവികജീവൻ |
| ആത്മാഭിഷേകം |
| ലൂക്കാ 2:52 |
| വിശുദ്ധീകരണം |
| മോറിയ |
| കുരിശിലെ ബലിവഴി |
| ഹോറബ് |
| പാപം |
| ലൂക്കാ 2:49 |
| പ്രവേശകകൂദാശകൾ |
| തൈലാഭിഷേകം |
| പരിശുദ്ധ കുർബാന |
| തിരുസഭ |
| മാമ്മോദീസ |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. പരിശുദ്ധാത്മാവിന്റെ 12 ഫലങ്ങളിൽ ആറെണ്ണം കണ്ടെത്തി എഴുതുക.

ബുദ്ധി | സഹനശക്തി | വിശ്വസ്തത

വിശുദ്ധി | ദൈവഭയം | ക്ഷമ

സ്നേഹം | സന്തോഷം | അറിവ്

12. a) അൾത്താരയിലെ പങ്കുവയ്ക്കൽ .............. ലെ പങ്കുവയ്ക്കലിലേയ്ക്കു നമ്മെ നയിക്കണം.

b) "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ............ കാണാൻ കഴിയുകയില്ല." (യോഹ. 3:3)

c) ദൈവത്തിന്റെ ഇഷ്ടത്തിനു സ്വയം സമർപ്പിക്കുന്നതാണ് ...........ന്റെ കാതൽ.

## C. ചേരുംപടി ചേർക്കുക 1X5=5

| | | |
|---|---|---|
| 13. ജീവന്റെ അപ്പം | - | ദൈവപുത്രസ്ഥാനം |
| നിക്കൊദേമോസ് | - | കൃപാവരം |
| ജീവജലം | - | മന്നാ |
| മാമ്മോദീസ | - | ഈശോ |
| മിശിഹായുടെ ശരീരം | - | രക്തസാക്ഷി |
| | - | യഹൂദപ്രമാണി |
| | - | സഭ |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. ദൈവകല്പനകളിൽ മൂന്നാമത്തെയും നാലാമത്തെയും കല്പനകൾ എഴുതുക.
15. മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ എന്നാണ് ആഘോഷിക്കുന്നത്?
16. വചനം പൂർത്തിയാക്കുക. സങ്കീർത്തനങ്ങൾ 62:5, "ദൈവത്തിൽ മാത്രമാണ് ..........."
17. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'തിരമാലകൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. എങ്ങനെയാണ് കൂദാശകൾ സ്വീകരിക്കേണ്ടത്?
19. ദൈവികജീവൻ നമുക്ക് ആവശ്യമാകുന്നത് എങ്ങനെ?
20. ഏതിന്റെയെല്ലാം സാദൃശ്യങ്ങളിലാണ് ഈശോ തന്റെ ശരീരവും രക്തവും നമുക്ക് നൽകുന്നത്?
21. എന്താണ് കൂദാശകൾ?
22. പഴയനിയമകാലത്തെ ബലിയർപ്പണത്തിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമായിരുന്നു?

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

23. ജറുസലേം ദൈവാലയത്തിൽ തിരുനാളിന് പോയപ്പോൾ ഈശോയെ കാണാതായ സംഭവം വിവരിക്കുക. നസ്രത്തിൽ തിരിച്ചെത്തിയ ഈശോയെ നമുക്ക് എങ്ങനെ മാതൃകയാക്കാം. ഉപപാഠപുസ്തകത്തിലെ 'തിരുക്കുടുംബത്തോടൊപ്പം' എന്ന പാഠത്തെ ആസ്പദമാക്കി എഴുതുക.

24. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/11/2025** | **മാർക്ക് - 50**
**10.30am - 12.30pm** | **STD - V** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. ബഥേൽ എന്ന പദത്തിന്റെ അർത്ഥം എന്ത്?
2. ജോസഫിനെ കച്ചവടക്കാരിൽ നിന്നും വാങ്ങിയ ഫറവോയുടെ സേനാനായകൻ ആര്?
3. രണ്ടാം ക്രിസ്തുവെന്ന് അറിയപ്പെടുന്നതാര്?
4. ആദിമ സഭയുടെ ചരിത്രം വിവരിക്കുന്ന ബൈബിൾ ഗ്രന്ഥമേത്?
5. ഏത് മലയിൽ വച്ചാണ് മോശയ്ക്ക് കത്തുന്ന മുൾപടർപ്പിൽ ദൈവസാന്നിധ്യം അനുഭവപ്പെട്ടത്?
6. തിന്മയിൽ നിന്നും നിരന്തരം സംരക്ഷിക്കുന്ന കവചമായി ജപമാലയെ കരുതിയിരുന്നത് ആര്?
7. മോശയെ ശക്തിപ്പെടുത്താൻവേണ്ടി ദൈവം എത്ര അടയാളങ്ങൾ നൽകി?
8. ദൈവവും ഇസ്രായേലും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ തെളിവെന്ത്?
9. ഈജിപ്തിൽ നിന്നുള്ള മോചനത്തിനു ഒരുക്കമായി ദൈവം ഇസ്രായേലിനോട് ആവശ്യപ്പെട്ടത് എന്ത്?
10. മോശ മലയിലേക്ക് പോയപ്പോൾ ഇസ്രായേൽക്കാരുടെ കാര്യങ്ങൾ ഏൽപ്പിച്ചത് ആരെ?

| |
|---|
| പ്രമാണങ്ങൾ |
| ഹോറെബ് |
| ജോഷ്വ |
| വി. ഫ്രാൻസീസ് അസ്സീസി |
| പെസഹാ ഭക്ഷിക്കുക |
| പൊത്തിഫർ |
| പശ്ചാത്തപിക്കുക |
| മൂന്ന് |
| ഉൽപ്പത്തി |
| ദൈവത്തിന്റെ ഭവനം |
| നാല് |
| കാർലോ |
| സീനായ് |
| അഹറോൻ |
| അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. ദൈവം ഈജിപ്തിനുമേൽ അയച്ച ബാധകൾ ക്രമമായി എഴുതുക.

| | |
|---|---|
| അന്ധകാരം വ്യാപിക്കുന്നു | വെട്ടുക്കിളികൾ നിറയുന്നു |
| മൃഗങ്ങൾ ചത്തൊടുങ്ങുന്നു | ആദ്യജാതരെ വധിക്കുന്നു |
| വ്രണങ്ങൾ ബാധിക്കുന്നു | കൻമഴ വർഷിക്കുന്നു |

12. ..........., ..........., ..........., ..........., ........... എന്നിവ അടങ്ങുന്നതാണ് പഴയ നിയമത്തിലെ ആദ്യത്തെ അഞ്ച് ഗ്രന്ഥങ്ങൾ. ........... എന്നാണ് ഈ അഞ്ചു പുസ്തകങ്ങൾ അറിയപ്പെടുന്നത്.

## C. ചേരുംപടി ചേർക്കുക 1X5=5

13.

| | | |
|---|---|---|
| മാമ്രേ താഴ്‌വര | - | 13 ലേഖനങ്ങൾ |
| പതിനാലു വർഷം | - | ഇസഹാക്ക് |
| പെസഹാ | - | സോളമൻ |
| പൗലോസ് ശ്ലീഹാ | - | യാക്കോബ് |
| മോശ | - | മിദിയാൻ |
| | - | മൂന്ന് ദൈവദൂതൻമാർ |
| | - | കടന്നുപോകൽ |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങളിൽ രണ്ടും മൂന്നും എഴുതുക.

15. ഈശോ സംസാരിച്ചിരുന്ന ഭാഷ ഏതാണ്?

16. വചനം പൂർത്തിയാക്കുക. പ്രഭാഷകൻ 14:2, "മനഃസാക്ഷി ..........."

17. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'തുറന്നിരിക്കുന്ന ബൈബിൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. ദൈവം മോശയെ ശക്തിപ്പെടുത്താൻവേണ്ടി നൽകിയ അടയാളങ്ങളിൽ മൂന്നാമത്തേത് ഏത്?

19. പെസഹായ്ക്കുള്ള ആട്ടിൻകുട്ടി എപ്രകാരമുള്ളതായിരിക്കണം?

20. രക്ഷാകര പദ്ധതിയിൽ ജോസഫിനുള്ള പങ്കാളിത്തം എന്ത്?

21. ദൈവം ഉടമ്പടിയിലൂടെ അബ്രാഹത്തിനു നൽകിയ രണ്ടാമത്തെ വാഗ്ദാനം എന്ത്?

22. ഈശോ നമുക്കു നല്കിയ പുതിയ കല്പന എന്ത്?

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

23. കാർലോ ഇഷ്ട്ടപ്പെട്ട അസ്സീസിയെന്ന ഗ്രാമത്തെക്കുറിച്ചും, കാർലോയെ സ്വാധീനിച്ച ഫ്രാൻസിസ് അസ്സീസിയെക്കുറിച്ചും ഉപപാഠപുസ്തകത്തിലെ 'അസ്സീസിയെ സ്നേഹിച്ചവൻ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

24. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/11/2025** | **മാർക്ക് - 50**

**10.30am - 12.30pm** | **STD - VI** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. ഈശോ തന്റെ മരണത്തെക്കുറിച്ച് എത്ര പ്രാവശ്യം പ്രവചിച്ചിരുന്നു?
2. 'ലൗദാത്തോ സി' എന്ന ചാക്രികലേഖനം എഴുതിയ മാർപാപ്പ ആര്?
3. ഈശോ കൂടെയുണ്ടെങ്കിൽ ജീവിതയാത്രയിൽ എന്തെല്ലാം ബുദ്ധിമുട്ടുകളുണ്ടായാലും നമ്മൾ തകർന്നുപോകുകയില്ല എന്ന് വ്യക്തമാക്കുന്ന അത്ഭുതം?
4. 'ഇവൻ പ്രവാചകൻ ആണെങ്കിൽ തന്നെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും ഏതു തരക്കാരിയെന്നും അറിയുമായിരുന്നു.' ഇപ്രകാരം പറഞ്ഞതാര്?
5. അത്ഭുതങ്ങളിലൂടെയെല്ലാം ഈശോ എന്താണ് വെളിപ്പെടുത്തിയത്?
6. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്" എന്ന് പത്രോസ് ശ്ലീഹാ ഏറ്റുപറഞ്ഞത് ഏത് പ്രദേശത്തുവച്ച്?
7. "യാക്കോബിൽ നിന്നൊരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും" എന്ന് പ്രവചിച്ചത് ആര്?
8. നമ്മുടെ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്രം എന്ത്?
9. ആഗോളതാപനത്തെ നിയന്ത്രിച്ചു നിർത്താൻ ലളിതവും ഫലപ്രദവുമായ മാർഗ്ഗം എന്ത്?
10. സാബത്തിൽ സിനഗോഗിൽ പ്രവേശിച്ച ഈശോയ്ക്ക് വായിക്കുവാൻ നൽകപ്പെട്ട പുസ്തകം ആരുടെ?

| |
|---|
| ദൈവമഹത്ത്വം |
| കാരുണ്യം |
| കേസറിയാ ഫിലിപ്പി |
| അഞ്ച് |
| പരിശുദ്ധ ത്രിത്വ രഹസ്യം |
| ജോൺ പോൾ രണ്ടാമൻ പാപ്പ |
| ശിമയോൻ |
| ഏശയ്യാ |
| നിയമജ്ഞർ |
| മരങ്ങൾ വച്ചുപിടിപ്പിക്കുക |
| ഫ്രാൻസീസ് പാപ്പ |
| മൂന്ന് |
| ജറുസലേം |
| ബാലാം |
| കടലിനെ ശാന്തമാക്കുന്നു |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. മംഗളവാർത്തക്കാലത്തിലും, പിറവിക്കാലത്തിലും നാം അനുസ്മരിക്കുന്ന രക്ഷാകരസംഭവങ്ങൾ തരം തിരിച്ചെഴുതുക.

| | | |
|---|---|---|
| രക്ഷാകരമായ ഇടപെടലുകൾ | ഈശോയുടെ നാമകരണം | നസ്രത്തിലെ തിരുക്കുടുംബം |
| സഖറിയായ്ക്കുള്ള അറിയിപ്പ് | ഈശോയുടെ രഹസ്യജീവിതം | മറിയത്തിന്റെ സ്തോത്രഗീതം |

12. ദനഹാക്കാലത്ത് നമ്മൾ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന രക്ഷാകരരഹസ്യങ്ങളാണ് ........., ........., .........., ........., ........ ദനഹാക്കാലത്തിലെ .............. സഭ വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കുന്നു.

**C. ചേരുംപടി ചേർക്കുക** **1X5=5**

13.

| | | |
|---|---|---|
| അനുതാപ ശുശ്രൂഷ | - | മംഗളവാർത്തക്കാലം |
| സഹന ദാസൻ | - | കൂടെ വസിക്കൽ |
| സൂബാറ | - | മോശ |
| ഈശോയുടെ മരണം | - | പിറവിക്കാലം |
| ഉപവാസം | - | വിഭൂതി ആചരണം |
| | - | ഈശോ |
| | - | രക്ഷയും പാപമോചനവും |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

14. സുവിശേഷഭാഗ്യങ്ങൾ എത്ര? അതിൽ അഞ്ചാമത്തെ സുവിശേഷഭാഗ്യം എഴുതുക.

15. ഇടവക വൈദികരുടെ മധ്യസ്ഥൻ ആര്?

16. വചനം പൂർത്തിയാക്കുക. ജറെമിയാ 17:7, "കർത്താവിൽ ..........."

17. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പ്രാവ്' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

18. പെസഹാവ്യാഴാഴ്ച എന്താണ് അനുസ്മരിക്കുന്നത്?

19. ഒലിവുമലയിൽ വച്ച് ഈശോ എന്താണ് പ്രാർത്ഥിച്ചത്?

20. നഷ്ടപ്പെട്ടുപോയ ആടിന്റെ ഉപമയിലൂടെ ഈശോ എന്താണ് നമുക്ക് വ്യക്തമാക്കിത്തരുന്നത്?

21. ആരെയാണ് ആത്മാവിൽ ദരിദ്രർ എന്ന് പറയുന്നത്?

22. ദുഃഖവെള്ളി ആചരണത്തിന്റെ ഭാഗങ്ങൾ ഏവ?

**F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

23 പല മാരക രോഗങ്ങൾക്കും ആരോഗ്യ പ്രശ്നങ്ങൾക്കും ഒരു പ്രധാന കാരണമാണ് വിഷവസ്തുക്കൾ കലർന്ന ഭക്ഷണപദാർത്ഥങ്ങൾ. ആരോഗ്യകരമായ ഒരു ജീവിതം ലഭ്യമാക്കാൻ നമുക്ക് എന്തൊക്കെ ചെയ്യാനാകും എന്ന് ഉപപാഠപുസ്തകത്തിലെ 'ശുദ്ധമായ ഭക്ഷണം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

24. ഇന്റേണൽ അസസ്സ്മെന്റ് : 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

02/11/2025 | മാർക്ക് - 50
10.30am - 12.30pm | **STD - VII** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

* മാതാപിതാക്കൾ
* ആരാധന
* കൗമാരം
* മിശിഹാ
* നീതി
* സ്നേഹം
* ഈസ്റ്റർ
* സാമൂഹ്യ പദ്ധതി
* ദയാവധം
* യുവത്വം
* മോശ
* ഞായർ
* ഭ്രൂണഹത്യ
* ഇസ്രായേൽ
* ദൈവീക പദ്ധതി

1. ഓരോരുത്തർക്കും അവകാശപ്പെട്ടത് നൽകാൻ ഒരുവനെ പ്രേരിപ്പിക്കുന്ന പുണ്യം ഏത്?
2. ദിവസങ്ങളുടെ ദിവസം എന്ന് സഭ വിശേഷിപ്പിക്കുന്ന ദിവസം?
3. സ്വർഗ്ഗസ്ഥനായ പിതാവിന്റെ പ്രതിനിധികൾ ആര്?
4. ദൈവത്തിന് മാത്രം അവകാശപ്പെട്ടത് എന്ത്?
5. സീനായ് മലയിൽ വച്ച് ഉടമ്പടിയുടെ രണ്ട് കൽപ്പലകകൾ ദൈവം നൽകിയത് ആർക്ക്?
6. മനുഷ്യന്റെ വളർച്ചയുടെ ഘട്ടങ്ങളിൽ വ്യക്തിത്വവികാസത്തിന്റെ കാലം എന്ന് വിശേഷിപ്പിക്കുന്ന ഘട്ടം ഏത്?
7. എല്ലാ വിശുദ്ധിയുടെയും മാതൃക ആരാണ്?
8. മനുഷ്യജീവന് എതിരെയുള്ള ആക്രമണങ്ങളിൽ ഏറ്റവും നീചവും മനുഷ്യത്വരഹിതവുമായ തിന്മ ഏത്?
9. ദൈവം പ്രത്യേകം തെരഞ്ഞെടുത്ത യാക്കോബിന് നൽകിയ പേര്?
10. സ്ത്രീ-പുരുഷ സമഭാവന ഏത് പദ്ധതിയുടെ ഭാഗമാണ്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാനമായ ദൈവിക പുണ്യങ്ങൾ ഏവ?
12. നസ്രത്തിൽ ഈശോ ജീവിച്ചത് എങ്ങനെ?
13. ജന്മനാ മുടന്തനായവനെ സുഖപ്പെടുത്താൻ പത്രോസ് ശ്ലീഹാ പറഞ്ഞത് എന്തായിരുന്നു?

14. ദൈവ പ്രമാണങ്ങളുടെ അടിസ്ഥാനവും സാരാംശവും എന്ത്?
15. ലൈംഗികതയുടെ അടിസ്ഥാനം എന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

16. പരിസ്ഥിതി മലിനീകരണവും പ്രകൃതിയെ ചൂഷണം ചെയ്യലും ജീവന് എതിരെയുള്ള തിന്മകൾ ആകുന്നത് എങ്ങനെ?
17. മോഷണം നടത്തിയ വ്യക്തി എങ്ങനെയാണ് പരിഹാരം ചെയ്യേണ്ടത്?
18. ലൈംഗിക വിശുദ്ധി പാലിക്കാൻ സഹായകമായ കാര്യങ്ങൾ ഏവ?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

19. മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും – ആദ്യത്തെ നാല് എണ്ണം മാത്രം എഴുതുക.
20. മിലേനിയൽ സെയിന്റ് എന്ന് വിളിക്കപ്പെടുന്ന വിശുദ്ധൻ?
21. വചനം പൂർത്തിയാക്കുക. സങ്കീർത്തനങ്ങൾ 146:5, "യാക്കോബിന്റെ ദൈവം ..........."
22. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഗോതമ്പ്കതിരും അപ്പവും, മുന്തിരിയും കാസയും' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

23. കർത്താവിന്റെ ദിനമായ ഞായറാഴ്ചയുടെ പ്രസക്തി – ആ ദിനം ആചരിക്കേണ്ട മൂന്നുവിധങ്ങൾ – ഞായറാഴ്ചയെ എങ്ങനെ പരസ്പര ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ദിനം ആക്കി മാറ്റാം – എന്നിവ 'കർത്താവിന്റെ ദിവസം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.
24. ലൈംഗികത ശക്തിയേറിയ സർഗ്ഗശേഷിയാണ്. അവയുടെ നന്മ തിന്മകൾ തിരിച്ചറിഞ്ഞ് നല്ല ലൈംഗിക അവബോധം വളർത്താൻ സഹായകമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് ഉപപാഠ പുസ്തകത്തിലെ 'Do's & Dont's' എന്ന പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

| | |
|---|---|
| 25. ഇന്റേണൽ അസസ്സ്മെന്റ്:<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | 15 |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

02/11/2025 | മാർക്ക് - 50
10.30am - 12.30pm | **STD - VIII** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * മാനസാന്തരം | * ദാവീദ് | * 1599 |
| * മത്തായി 28:20 | * യൂദാ | * സമരിയാക്കാരി |
| * എക്ലേസിയ | * ഹൃദയ ഫലകങ്ങൾ | * മത്തായി 27:20 |
| * 1499 | * ഇരട്ട | * കഹാൽ |
| * കോറിന്തോസിലെ സഭ | * സുവിശേഷ പ്രഘോഷണം | * രണ്ടാം വത്തിക്കാൻ കൗൺസിൽ |

1. ദൈവാരാധനയുടെ യഥാർത്ഥ രൂപം ഈശോ വ്യക്തമാക്കിയത് ആരുമായുള്ള സംഭാഷണത്തിലാണ്?
2. കർത്താവിന്റെ അത്താഴത്തോടനുബന്ധിച്ചുള്ള സ്നേഹവിരുന്നിൽ പാവങ്ങളെ അവഗണിച്ചതിന് പൗലോസ് ശ്ലീഹാ ശാസിക്കുന്നത് ആരെ?
3. ഈശോയുടെ ജനനം ഏത് ഗോത്രത്തിലായിരുന്നു?
4. "യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും." വചനഭാഗമേത്?
5. 'ദീദിമോസ്' എന്ന ഗ്രീക്ക് പദത്തിനർത്ഥം എന്ത്?
6. 'വിളിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹം' എന്നർത്ഥം വരുന്ന ഹീബ്രു പദമേത്?
7. വിശ്വാസത്തിലേക്ക് കടന്നുവരാനുള്ള വാതിൽ ഏത്?
8. പരിശുദ്ധാത്മാവ് ഒരാലയത്തിലെന്നപോലെ തിരുസഭയിലും വിശ്വാസികളുടെ ഹൃദയത്തിലും വസിക്കുന്നു എന്ന് പഠിപ്പിക്കുന്നത്?
9. ഉടമ്പടിയുടെ നിയമങ്ങൾ എവിടെ എഴുതപ്പെടണമെന്നാണ് ദൈവം ആഗ്രഹിച്ചത്?
10. ഉദയംപേരൂർ സൂനഹദോസ് നടന്ന വർഷം ഏത്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. ക്രൈസ്തവവിശ്വാസത്തിന്റെ സമൂഹപരമായ മാനമെന്ത്?
12. കൂദാശകൾ എന്തിനുള്ള ഉപാധികളാണ്?
13. മറിയം എങ്ങനെയാണ് യഥാർത്ഥ വിശ്വാസത്തിന്റെ മാതൃകയാകുന്നത്?

14. അല്മായർ പ്രവാചക ദൗത്യം പ്രധാനമായും നിർവഹിക്കേണ്ടത് എങ്ങനെ?

15. എങ്ങനെയാണ് ജറുസലേമിൽ സഭ രൂപം കൊണ്ടത്?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **2X3=6**

16. സഭ എല്ലാവർക്കും രക്ഷ നല്കുന്ന, എല്ലാവരെയും രക്ഷയിലേക്ക് വിളിക്കുന്ന അടയാളവും ഉപകരണവുമാകുന്നതെങ്ങനെ?

17. വി. കുർബാനയെ ഏറ്റവും ശ്രേഷ്ഠമായ ആരാധന എന്ന് പറയുന്നത് എന്തുകൊണ്ട്?

18. ദാനങ്ങളും വരങ്ങളും സഭാമക്കളായ നാം എപ്രകാരമാണ് വിനിയോഗിക്കേണ്ടത്?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

19. മൗലിക സുകൃതങ്ങൾ എഴുതുക.

20. ലിയോ പതിനാലാമൻ മാർപാപ്പ ആദ്യമായി വിശുദ്ധരായി പ്രഖ്യാപിച്ചവരിൽ ഒരു വിശുദ്ധന്റെ പേരെഴുതുക.

21. വചനം പൂർത്തിയാക്കുക. ഏശയ്യാ 40:31, "ദൈവത്തിൽ ആശ്രയിക്കുന്നവർ ..........."

22. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഏഴു നിറങ്ങളുടെ വൃത്തം' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

23. മിശിഹായുടെ ജീവിതത്തിലേയും പ്രബോധനത്തിലേയും പങ്കുവയ്ക്കലിനെയും – വി. കുർബാനയിലെ പങ്കുവയ്ക്കലിനേയും – പങ്കുവയ്ക്കേണ്ട മിശിഹായുടെ ശരീരമായ സഭയേയും – 'സഭ പങ്കുവയ്ക്കുന്നവരുടെ സമൂഹം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

24. തോമാശ്ലീഹായുടെ തെക്കേ ഇന്ത്യയിലെ പ്രേഷിതയാത്രകളെക്കുറിച്ച് വിവരിക്കുക.

| | |
|---|---|
| 25. ഇന്റേണൽ അസസ്സ്മെന്റ്: | 15 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/11/2025** **മാർക്ക് - 50**
**10.30am - 12.30pm** **STD - IX** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * ബലിപീഠം | * ലെയ്ത്തൂർഗിയ | * സങ്കീർത്തനങ്ങൾ |
| * അഗാപ്പേ | * സക്രാരി | * വിശ്വാസാനുഭവം |
| * ദൈവവചനം | * അനാഫൊറ | * വി. ജെറോം |
| * ഹൈക്കല | * തോറ | * മാലാഖമാർ |
| * രക്തസാക്ഷികൾ | * വി. ജോൺ ക്രിസോസ്റ്റോം | * അപ്പം മുറിക്കൽ |

1. ലിറ്റർജി എന്ന വാക്ക് ഏത് ഗ്രീക്ക് പദത്തിൽ നിന്നാണ് ഉണ്ടായത്?
2. ക്രൈസ്തവ ജീവിതത്തിന്റ അടിസ്ഥാനം എന്താണ്?
3. വി. കുർബാനയുടെ കേന്ദ്രഭാഗം എന്താണ്?
4. ആരാധനാവേളയിൽ ആലപിക്കുന്ന ഗാനങ്ങൾ ആരുടെ സ്വർഗീയ കീർത്തനങ്ങളെ സൂചിപ്പിക്കുന്നു?
5. ഇസ്രായേൽക്കാരുടെ മതാത്മക ജീവിതത്തിന്റെ ഹൃദയത്തുടിപ്പുകൾ എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?
6. ദൈവാലയത്തിൽ വിശ്വാസികൾ നിൽക്കുന്ന സ്ഥലത്തെ വിളിക്കുന്ന പേര് എന്ത്?
7. “ദൈവം വിരുന്നൊരുക്കി നിങ്ങളെ കാത്തിരിക്കുകയാണ്. നിങ്ങളെ വിശ്രമത്തിനായി ക്ഷണിക്കുകയാണ്.” എന്ന് പഠിപ്പിച്ച വിശുദ്ധൻ ആര്?
8. കർത്താവിന്റെ കബറിടവും നമ്മുടെ വിശുദ്ധീകരണത്തിന്റെ വേദിയുമായി വിശേഷിപ്പിക്കുന്നത് എന്തിനെ?
9. വി. കുർബാനയിൽ അനാഫൊറയിലേക്ക് കടക്കുന്നതിന് മുൻപ് സമൂഹം പ്രഖ്യാപിക്കുന്നത് എന്ത്?
10. ആദിമക്രൈസ്തവർ തങ്ങളുടെ കൂട്ടായ്മയ്ക്കും, അനുഷ്ഠിച്ചിരുന്ന കർമ്മങ്ങൾക്കും നൽകിയ പേരെന്ത്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. ദൈവാലയത്തിലെ കെടാവിളക്ക് എന്തിനെ സൂചിപ്പിക്കുന്നു?
12. വി. കുർബാനയിലെ ഉത്ഥാനഗീതത്തിൽ നാം അനുസ്മരിക്കുന്നത് എന്തെല്ലാം?

13. വി. കുർബാന സ്വീകരണം നമ്മെ ദൈവത്തിന്റെ പരിശുദ്ധി സ്വന്തമാക്കാൻ സഹായിക്കുന്നുവെന്ന് പറയാൻ കാരണമെന്ത്?

14. വി. കുർബാന പരമോന്നതമായ ആരാധനയാണെന്ന് പറയാൻ കാരണം എന്ത്?

15. വി. കുർബാനയിൽ കൈകഴുകുന്നത് എന്തിന്റെ പ്രതീകമാണ്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

16. ആത്മാവിലും സത്യത്തിലും ആരാധനയർപ്പിക്കേണ്ടത് എങ്ങനെയെന്നാണ് ഈശോ പഠിപ്പിച്ചത്?

17. 'ദൈവവചനം ഇന്നും ജീവദായകമാണ്.' എങ്ങനെ?

18. വി. കുർബാനയിൽ നമ്മൾ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത് എന്തെല്ലാം?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

19. മനസ്താപപ്രകരണം എഴുതുക.

20. സഭാചരിത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര്?

21. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 27:14, "കർത്താവിൽ ..........."

22. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഉയർത്തിപ്പിടിച്ച കരങ്ങൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

23. ദൈവാരാധനയിലെ വിവിധ അടയാളങ്ങൾ ഏവയെന്നും അവയുടെ പ്രാധാന്യം എന്തെന്നും 'അടയാളങ്ങളും പ്രതീകങ്ങളും' എന്ന പാഠഭാഗത്തെ ആസ്പദമാക്കി എഴുതുക.

24. കോവിഡ് കാലഘട്ടത്തിൽ നമ്മുടെ ഇടയിലേക്ക് കടന്നു വന്നതാണ് ഓൺലൈനിലൂടെയുള്ള കുർബാന. ഇപ്പോഴും ഞായറാഴ്ച്ച പള്ളിയിൽ പോകാതെ പലരും ഓൺലൈൻ കുർബാനയിൽ പങ്കെടുക്കുന്നുണ്ട്. ഇതു ശരിയായ പ്രവണതയാണോ? 'ഞായറാഴ്ച കുർബാന ക്രൈസ്തവരുടെ ജീവിതക്രമത്തിന്റെ കേന്ദ്രം' എന്ന ഉപപാഠഭാഗത്തെ ആസ്പദമാക്കി നിങ്ങളുടെ ഉത്തരം സമർത്ഥിക്കുക.

| | |
|---|---|
| 25. ഇന്റേണൽ അസസ്സ്മെന്റ്:<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | 15 |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

02/11/2025 — മാർക്ക് - 50
10.30am - 12.30pm — **STD - X** — സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

* ഈശോ
* ഡീക്കന്മാർ
* പാഷണ്ഡത
* യാക്കോബ്ശ്ലീഹാ
* വി. ക്രിസ്സോസ്റ്റോം
* പൗലോസ്ശ്ലീഹാ
* പത്രോസ്ശ്ലീഹാ
* അപ്പോളജി
* മെത്രാന്മാർ
* എവുസേബിയൂസ്
* വിശുദ്ധർ
* വി. ബേസിൽ
* മാർപാപ്പ
* വിശ്വാസികൾ
* സുവിശേഷ പ്രഘോഷണം

1. ആദ്യ ക്രൈസ്തവസമൂഹം രൂപംകൊണ്ടത് ആരുടെ വചനപ്രഘോഷണത്തിന്റെ ഫലമായിട്ടാണ്?
2. പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ശ്ലീഹാ ആര്?
3. സഭാസമൂഹത്തിലെ കൂട്ടായ്മ നിലനിർത്താനും ശക്തിപ്പെടുത്താനും ശ്ലീഹന്മാരാൽ നിയോഗിക്കപ്പെട്ടത് ആര്?
4. "അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ വിശക്കുന്നവന്റെയും, വസ്ത്രം നഗ്നന്റെയും, പാദുകങ്ങൾ നിഷ്പാദുകന്റെയുമാണ്" എന്ന് പഠിപ്പിക്കുന്ന വിശുദ്ധൻ ആര്?
5. ശ്ലീഹന്മാർ സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളെക്കുറിച്ചും അവരുടെ രക്തസാക്ഷിത്വത്തെക്കുറിച്ചും വിവരിക്കുന്ന ചരിത്രകാരൻ ആര്?
6. പൗലോസ് ശ്ലീഹാ ഓരോ സഭയേയും സംബോധന ചെയ്യുന്നത് എങ്ങനെ?
7. സഭയുടെ സത്യവിശ്വാസ പ്രബോധനങ്ങൾ നിരാകരിച്ച് അതിനു വിരുദ്ധമായി പഠിപ്പിക്കുന്നതിനെ എന്താണ് പറയുന്നത്?
8. സുവിശേഷത്തിന്റെ പരമോന്നത വക്താവും ആദ്യത്തെ പ്രേഷിതനും ആര്?
9. സഭാരൂപീകരണത്തിന്റെ ആദ്യപടി എന്താണ്?
10. വിശ്വാസസത്യങ്ങൾ വിശദീകരിച്ചുകൊണ്ട് അവയെ സംരക്ഷിക്കുവാൻ എഴുതിയ ഗ്രന്ഥങ്ങളും പ്രമാണരേഖകളും അറിയപ്പെടുന്നത് എങ്ങനെ?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X7=7**

11. സഭയുടെ പ്രേഷിത പ്രവർത്തനത്തിനടിസ്ഥാനം എന്ത്?
12. സത്യവിശ്വാസത്തിന്റെ ഉറവിടങ്ങൾ ഏവ?
13. നല്ല സമറായന്റെ ഉപമയിലൂടെ ഈശോ നമ്മെ പഠിപ്പിച്ചത് എന്ത്?
14. താൻ രൂപംകൊടുത്ത സഭാസമൂഹത്തിന്റെ ഇടയനായി തിമോത്തെയോസിനെ നിയോഗിച്ചശേഷം പൗലോസ് ശ്ലീഹാ ഉദ്ബോധിപ്പിച്ചത് എന്ത്?
15. വി. ദേവസഹായം പിള്ള രക്തസാക്ഷിയായിത്തീർന്നത് എങ്ങനെ?
16. ദൈവരാജ്യപ്രഘോഷണത്തിനായി ഈശോ ശ്ലീഹന്മാരെ അയച്ചപ്പോൾ നൽകിയ നിർദ്ദേശം എന്തായിരുന്നു?
17. സന്യാസത്തിലെ ഏറ്റവും അടിസ്ഥാനപരമായ നിയമം എന്ത്?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **3X3=9**

18. 'സഭ സ്വഭാവത്താലേ പ്രേഷിതയാണ്.' വിശദീകരിക്കുക.
19. അപ്പം മുറിക്കൽ ശുശ്രൂഷ ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ശക്തി കേന്ദ്രമായി മാറിയത് എങ്ങനെ?
20. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ അടിസ്ഥാനമെന്ത്? വ്യക്തമാക്കുക.

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

21. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടിയുള്ള ജപം എഴുതുക.
22. ലിയോ പതിനാലാമൻ മാർപാപ്പയുടെ ജന്മസ്ഥലം ഏത് രാജ്യത്താണ്?
23. വചനം പൂർത്തിയാക്കുക. പ്രഭാഷകൻ 2:6, "കർത്താവിൽ ..........."
24. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പുഞ്ചിരിക്കുന്ന ഈശോ' എന്താണ് നമ്മോട് പറയുന്നത്?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

25. സഭയുടെ പ്രേഷിതപ്രവർത്തന മാർഗ്ഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട പ്രാർത്ഥനയും പ്രഘോഷണവും വഴിയായുള്ള പ്രേഷിതത്വത്തെ കുറിച്ച് 'പ്രേഷിതപ്രവർത്തന മാർഗ്ഗങ്ങൾ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.
26. ഡിജിറ്റൽ യുഗത്തിൽ ജീവിക്കുന്ന നിങ്ങൾക്ക് ക്രൈസ്തവിശ്വാസം തന്നെ വെല്ലുവിളിയാകുന്നുണ്ടോ? ന്യൂജൻ വിശുദ്ധനായ കാർലോയെ ഈ ഡിജിറ്റൽ യുഗത്തിൽ എങ്ങനെ മാതൃകയാക്കാം എന്ന് വ്യക്തമാക്കുക.

| | |
|---|---|
| 27. ഇന്റേണൽ അസസ്സ്മെന്റ്: | 10 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/11/2025** | **മാർക്ക് - 50**
**10.30am - 12.30pm** | **STD - XI** | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * സുകൃതങ്ങൾ | * അപ്പോക്രിഫൽ | * പരിശുദ്ധാത്മാവ് |
| * തൈലം | * മത്തായി 6:12 | * മത്തായി 7:12 |
| * വിശുദ്ധി | * വി. കുർബാന | * സീറോ മലബാർ |
| * 14 | * 12 | * വി. ആഗസ്തിനോസ് |
| * വി. കുര്യാക്കോസ് ഏലിയാസ് ചാവറ | * യഹൂദ ഗ്രന്ഥങ്ങൾ | * റോമൻ കാത്തലിക് |

1. ദൈവോന്മുഖവും പരമോന്മുഖവുമായ ജീവിതത്തിന് ഊർജ്ജം നൽകുന്ന ശക്തിസ്രോതസ്സ്?
2. ക്രിസ്തീയ മനഃസാക്ഷിയെ നന്മയിൽ നിലനിർത്തുന്നത് ആര്?
3. മൂറോൻ എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം എന്ത്?
4. വിശ്വാസപ്രമാണത്തിൽ ഉൾക്കൊള്ളുന്ന വിശ്വാസരഹസ്യങ്ങൾ എത്ര?
5. നാം കത്തോലിക്കാ സഭയിൽ അംഗമായിരിക്കുന്നത് ഏത് വ്യക്തിസഭയിൽ അംഗമായിക്കൊണ്ടാണ്?
6. സഭ ഔദ്യോഗികമായി വി. ഗ്രന്ഥത്തിലെ പുസ്തകങ്ങളുടെ ഗണത്തിൽ പെടുത്താത്ത ഗ്രന്ഥങ്ങളെ എന്തു പറയുന്നു?
7. "കുടുംബത്തിൽ എത്ര വലിയ വിശിഷ്ടാതിഥികൾ ഉണ്ടായിരുന്നാൽത്തന്നെയും കുടുംബപ്രാർത്ഥന മുടക്കരുത്" എന്ന് പറഞ്ഞ വിശുദ്ധൻ ആര്?
8. "മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ." വചനഭാഗം ഏത്?
9. ഒരുവൻ സ്വന്തമാക്കിയ നന്മയെ ആസ്വദിക്കുന്നതിനും അതുവഴി സന്തോഷത്തിൽ ജീവിക്കുന്നതിനും നമ്മെ സഹായിക്കുന്നത് എന്ത്?
10. "സ്നേഹം ദുഷിച്ചതാണെങ്കിൽ വികാരങ്ങളും ദുഷിച്ചതായിരിക്കും. അത് നല്ലതാണെങ്കിൽ വികാരങ്ങളും നല്ലത്." ആരുടെ വാക്കുകളാണിത്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X7=7

11. എന്താണ് ക്രിസ്തീയ മനഃസാക്ഷി?
12. മിഷൻ (Mission) എന്നാൽ എന്ത്?

13. വി. അമ്മത്രേസ്യ പ്രാർത്ഥനയ്ക്ക് നൽകുന്ന നിർവചനം എന്ത്?
14. വികാരങ്ങൾ പാപമായി മാറുന്നത് എങ്ങനെ?
15. റോമൻ ചരിത്രകാരനായ ടാസിറ്റസ് 'അനൾസ്' എന്ന ചരിത്ര ഗ്രന്ഥത്തിൽ ഈശോയെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് എന്ത്?
16. ക്രിസ്തീയജീവിത ദർശനത്തിന്റെ അനന്യത എന്ത്?
17. ഈശോയുടെ ചരിത്രപരത അറിയേണ്ടതിന്റെ ആവശ്യകത എന്ത്?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **3X3=9**

18. എന്താണ് ഭക്താനുഷ്ഠാനങ്ങൾ (Devotions)? അവ എന്തിനെല്ലാം നമ്മെ സഹായിക്കുന്നു?
19. സുവിശേഷങ്ങളിലെ ഈശോയെക്കുറിച്ചുള്ള മൂന്ന് ചരിത്രവസ്തുതകൾ എഴുതുക.
20. ക്രിസ്തീയ മനഃസാക്ഷി രൂപീകരണത്തിൽ മാധ്യമങ്ങളുടെ പങ്ക് എന്തെന്ന് വ്യക്തമാക്കുക.

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

21. രാത്രിജപം എഴുതുക.
22. ഫ്രാൻസീസ് മാർപാപ്പ കാർലോ അക്യുത്തിസിനെ വിശേഷിപ്പിച്ചത് എങ്ങനെ?
23. വചനം പൂർത്തിയാക്കുക. റോമാ 12:12 "പ്രത്യാശയിൽ ........"
24. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിലെ 'തിരമാലയിൽ കാണുന്ന വസ്തുക്കൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

25. വിശ്വാസം എന്താണെന്നും, വിശുദ്ധ ഗ്രന്ഥവീക്ഷണത്തിൽ വിശ്വാസത്തിന്റെ പ്രത്യേകതകളും സവിശേഷതകളും എന്തെല്ലാമെന്നും 'ക്രിസ്തീയവിശ്വാസം: ഉള്ളടക്കവും സവിശേഷതകളും' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.
26. ഡിജിറ്റൽ ലോകം (Social Media, YouTube, Instagram, Video Games) നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാണല്ലോ. ഡിജിറ്റൽ മായാവലയത്തിൽ ഉൾപ്പെട്ട് ചൂഷണം ചെയ്യപ്പെടുന്ന യുവത്വമാകാതെ, ഡിജിറ്റൽ പ്ലാറ്റ്ഫോം മനുഷ്യനന്മയ്ക്കും സുവിശേഷ പ്രചരണത്തിനുമായി എങ്ങനെയൊക്കെ നിങ്ങൾക്ക് ഉപയോഗിക്കാനാകുമെന്ന് വിവരിക്കുക.

| | |
|---|---|
| 27. ഇന്റേണൽ അസസ്സ്മെന്റ്: | 10 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/11/2025** **മാർക്ക് - 50**

**10.30am - 12.30pm** **STD - XII** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

| | | |
|---|---|---|
| * തിരുസഭ | * വിവാഹം | * ഉത്ഭവപാപം |
| * അനന്യത | * ലൈംഗികത | * നെസ്തോറിയൻസ് |
| * ക്രിസ്തുജീവിക്കുന്നു | * നസ്രത്തിലെ ഭവനം | * നസ്രാണികൾ |
| * കുടുംബം | * മുഖംമൂടി | * പ്രളയം |
| * 12-ാം പീയൂസ് മാർപാപ്പ | * 10-ാം പീയൂസ് മാർപാപ്പ | * ദൈവവിളി |

1. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ച മാർപാപ്പ?
2. ഈശോയുടെ ജീവിതത്തെപറ്റി നാം പഠിക്കാൻ തുടങ്ങുന്ന വിദ്യാലയം ഏത്?
3. ഭാര്യാഭർത്ത്യ ബന്ധത്തിലൂടെ സ്നേഹത്തിലേക്കും സൃഷ്ടികർമ്മത്തിലേക്കും നയിക്കുന്നതിനായി ദൈവം മനുഷ്യന് നൽകിയിരിക്കുന്ന വികാരങ്ങളും അനുഭൂതികളും ഉൾച്ചേർന്ന അനുഗ്രഹം എന്ത്?
4. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ രൂപപ്പെട്ടതും വി. പത്രോസിന്റെ പിൻഗാമികളായ മാർപാപ്പമാരോടു ചേർന്നുനിൽക്കുന്നതുമായ സഭകളുടെ കൂട്ടായ്മയെ വിളിക്കുന്ന പേരെന്ത്?
5. മറിയത്തിന്റെ ഉദരത്തിൽ വന്ന് പിറക്കാനിരുന്ന ദൈവപുത്രനായ ഈശോമിശിഹായെപ്രതി പിതാവായ ദൈവം പരിശുദ്ധ കന്യകാമറിയത്തെ പരിരക്ഷിച്ചത് എന്തിൽ നിന്ന്?
6. യുവാക്കളെയും ചെറുപ്പക്കാരെയും വലിയ കാര്യങ്ങൾ ഭരമേൽപ്പിക്കുന്ന ഒരു ദൈവത്തെ വരച്ചുകാട്ടുന്ന ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനം ഏതാണ്?
7. വ്യക്തിത്വം എന്ന പദം ഉടലെടുത്ത 'Persona' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം?
8. ഭാര്യാഭർത്താക്കന്മാരുടെ ലൈംഗികസമർപ്പണം എന്തിനെയാണ് പൂർണ്ണമാക്കുന്നത്?
9. വിശ്വാസത്തിൽ ക്രൈസ്തവരും സംസ്കാരത്തിൽ ഭാരതീയരുമായ മാർതോമാ ക്രിസ്ത്യാനികൾ ഏത് പേരിലാണ് അറിയപ്പെട്ടത്?
10. ആന്തരീകമായ ഒരു പ്രചോദനവും, വിശുദ്ധിയിലേക്കുള്ള വിളിയും, അതിന്റെ തെരഞ്ഞെടുപ്പും എന്താണ്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X7=7**

11. ലൈംഗിക ധാർമികത എന്നാൽ എന്ത്?
12. പുണ്യവാന്മാരുടെ ഐക്യം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
13. ദൈവശാസ്ത്രം എന്നാൽ എന്ത്?
14. എന്താണ് അനുകമ്പ? അനുകമ്പ എങ്ങനെ കാരുണ്യപ്രവൃത്തിയോട് ബന്ധപ്പെട്ടിരിക്കുന്നു?
15. വ്യക്തിസഭകളെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ഏതെല്ലാം?
16. നിർമിത ബുദ്ധിയുടെ ഉപയോഗത്തെക്കുറിച്ച് സഭയുടെ ദർശനം എന്ത്?
17. വ്യക്തിത്വത്തിന്റെ ബാഹ്യഘടകങ്ങൾ ഏതെല്ലാം?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **3X3=9**

18. 'എന്റെ ശരീരം എനിക്ക് ആസ്വാദ്യകരമായി ഉപയോഗിക്കാം' എന്ന ചിന്തയിൽ അടങ്ങിയിരിക്കുന്ന തെറ്റുകൾ ഏവ?
19. സന്യസ്തജീവിതം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
20. ഈശോ പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായത് എങ്ങനെ?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

21. കരുണയുടെ ജപമാലയിലെ സമർപ്പണപ്രാർത്ഥന എഴുതുക.
22. ദൈവനഗരം (City of God) എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്?
23. വചനം പൂർത്തിയാക്കുക. ഏശയ്യാ 59:1, "രക്ഷിക്കാൻ .........."
24. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പുഞ്ചിരിക്കുന്ന ഈശോ' എന്താണ് നമ്മോട് പറയുന്നത്?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

25. ക്രൈസ്തവവ്യക്തിത്വത്തിന് മൂന്ന് തലങ്ങളാണുള്ളത്: ക്രിസ്തീയ ജീവിതദർശനം, ക്രിസ്തീയ ജീവിതമനോഭാവം, ക്രിസ്തീയ ജീവിത ശൈലി. അതിൽ ക്രിസ്തീയ ജീവിതശൈലിയെക്കുറിച്ച് 'എന്റെ ക്രിസ്തീയവ്യക്തിത്വം' എന്ന പാഠഭാഗത്തിൽ നിന്നും വിവരിക്കുക.

26. ജോനാഥൻ ഒരു നല്ല പ്രസംഗകനായിരുന്നു. നല്ല സുഹൃത്തായിരുന്ന ജാൻസി ടീച്ചറായിരുന്നു പ്രസംഗങ്ങൾ എഴുതാൻ അവനെ സഹായിച്ചിരുന്നത്. കുറച്ചുനാളായി ജോനാഥന്റെ ഫോൺ വിളിയോ, മെസ്സേജോ ലഭിക്കാതായപ്പോൾ ടീച്ചർ അവനെ വിളിച്ചുതിരക്കി. 'ടീച്ചർ, AI ആണ് ഇപ്പോൾ എന്റെ സഹായി' എന്നായിരുന്നു ജോനാഥന്റെ മറുപടി. Artificial Intelligence-ന്റെ കടന്നുവരവിനെ നിങ്ങൾ എങ്ങനെ നോക്കി കാണുന്നു.

27. ഇന്റേണൽ അസസ്സ്മെന്റ്: 10
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

02/11/2025 — മാർക്ക് - 50

10.30am - 12.30pm — **STD - XII** — സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * സഭ | * പെന്തക്കോസ്തു | * സ്വർഗ്ഗം |
| * റ്റി. ബി. ബാരറ്റ് | * വി. പൗലോസ് | * സമ്പത്ത് |
| * ഹെബ്രായർ | * എഫേസോസ് | * വി. ജെറോം |
| * പരി. ത്രിത്വം | * വി. പത്രോസ് | * മരണം |
| * ഹ്യൂമനിസ്റ്റ് | * അലസത | * റെയ്മണ്ട് ഡമാഡിയോൺ |

1. വിശുദ്ധ ലിഖിതത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെപ്പറ്റിയുള്ള അജ്ഞത തന്നെയാണെന്ന് പറഞ്ഞ സഭാ പിതാവ് ആര്?
2. സുഖലോലുപതയുടെ കൂട്ടാളി ആര്?
3. ശ്ലീഹന്മാരിലൂടെ കൈമാറപ്പെട്ട ദൈവീകവെളിപാടിന്റെ സംരക്ഷകയും പ്രഘോഷകയും വ്യാഖ്യാതാവും ആര്?
4. "ഈ സംരംഭത്തിന്റെ ആരംഭം മുതൽ ദൈവത്തിന്റെ കരങ്ങൾ എനിക്ക് അനുഭവവേദ്യമായിരുന്നു. പ്രാർത്ഥനയിലുള്ള എന്റെ വിശ്വാസം കൂടുതൽ ശക്തമായി...." എന്ന് പറഞ്ഞ ശാസ്ത്രജ്ഞൻ ആര്?
5. സഭാ യോഗങ്ങളിൽ മുടങ്ങാതെ സംബന്ധിക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന പുതിയനിയമ ലേഖനം?
6. രോഗികൾക്ക് ചികിത്സ പാടില്ലെന്നും പ്രാർത്ഥനകൊണ്ട് സുഖപ്പെടുമെന്നും വിശ്വസിക്കുന്ന സമൂഹം?
7. സഭയുടെ വിശ്വാസരഹസ്യങ്ങളിൽ ഏറ്റവും പ്രാധാനപ്പെട്ട വിശ്വാസ രഹസ്യം ഏത്?
8. ക്രിസ്തുവിനോടൊപ്പം പരമപിതാവിങ്കലേക്കുള്ള തീർത്ഥയാത്രയുടെ ലക്ഷ്യം എന്ത്?
9. "തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ. തിന്മയെ നന്മകൊണ്ടു കീഴടക്കുവിൻ" എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ശ്ലീഹാ ആര്?
10. മനുഷ്യമഹത്വത്തിന്റെ പേരിൽ ദൈവത്തെ നിഷേധിക്കുന്നവർ ആര്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X7=7

11. സുഖലോലുപതയുടെ തത്വശാസ്ത്രം എന്താണ്?
12. സഭ തന്റെ രക്ഷാകരദൗത്യം തുടരുന്നത് എങ്ങനെ?

13. ബൈബിൾ വ്യാഖ്യാനിക്കുമ്പോൾ പാലിക്കേണ്ട മൂന്ന് മാനദണ്ഡങ്ങൾ ഏവ?

14. മനുഷ്യൻ രൂപപ്പെടുത്തിയ പെന്തക്കോസ്തു പ്രസ്ഥാനത്തിന് കേന്ദ്രീകൃതമായ ഒരു വ്യവസ്ഥയില്ല എന്നുപറയാൻ കാരണം എന്ത്?

15. വി. അഗസ്തീനോസ് തന്റെ ആത്മകഥയിൽ എഴുതിയ മനുഷ്യനിലെ ദൈവാന്വേഷണത്വരയെ വ്യക്തമാക്കുന്ന വിഖ്യാതമായ വാക്യങ്ങൾ ഏവ?

16. ദൈവികവെളിപാട് അതിന്റെ പൂർണ്ണതയിൽ തിരുസഭ നമുക്ക് ഇന്ന് നൽകുന്നത് എങ്ങനെയാണ്?

17. സ്വകാര്യസ്വത്ത് എപ്രകാരം ഉപയോഗിക്കണമെന്നാണ് സഭ പഠിപ്പിക്കുന്നത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക — 3X3=9

18. ഈശോ തിന്മയെ പരാജയപ്പെടുത്തിയത് എപ്രകാരമാണ്?

19. ബൈബിളിന്റെ പ്രാധാന്യം ഏതെല്ലാം മേഖലകളിൽ പ്രകടമാണ്?

20. എന്താണ് വ്യർത്ഥാഭിമാനമെന്നും അതിന്റെ ദൂഷ്യവശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ — 1X4=4

21. കരുണയുടെ ജപമാലയിലെ സമർപ്പണപ്രാർത്ഥന എഴുതുക.

22. ദൈവനഗരം (City of God) എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്?

23. വചനം പൂർത്തിയാക്കുക. ഏശയ്യാ 59:1, “രക്ഷിക്കാൻ ..........”

24. ‘ഈശോയിലാണെന്റെ പ്രത്യാശ’ എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന ‘പുഞ്ചിരിക്കുന്ന ഈശോ’ എന്താണ് നമ്മോട് പറയുന്നത്?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക — 5X2=10

25. വചനാധിഷ്ഠിത ജീവിതം ശിഷ്യത്വത്തിന്റെ അടയാളമാണെന്നും, വചനാധിഷ്ഠിത ജീവിതം നയിക്കാൻ പ്രധാനമായും നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണെന്നും ‘ക്രിസ്തീയ ജീവിതം - വചനാധിഷ്ഠിതം’ എന്ന പാഠഭാഗത്തിന്റെ വെളിച്ചത്തിൽ വിവരിക്കുക.

26. ജോനാഥൻ ഒരു നല്ല പ്രസംഗകനായിരുന്നു. നല്ല സുഹൃത്തായിരുന്ന ജാൻസി ടീച്ചറായിരുന്നു പ്രസംഗങ്ങൾ എഴുതാൻ അവനെ സഹായിച്ചിരുന്നത്. കുറച്ചുനാളായി ജോനാഥന്റെ ഫോൺ വിളിയോ, മെസ്സേജോ ലഭിക്കാതായപ്പോൾ ടീച്ചർ അവനെ വിളിച്ചുതിരക്കി. ‘ടീച്ചർ, AI ആണ് ഇപ്പോൾ എന്റെ സഹായി’ എന്നായിരുന്നു ജോനാഥന്റെ മറുപടി. Artificial Intelligence-ന്റെ കടന്നുവരവിനെ നിങ്ങൾ എങ്ങനെ നോക്കി കാണുന്നു.

| | |
|---|---|
| 27. ഇന്റേണൽ അസസ്സ്മെന്റ് :<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | 10 |